# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *534** | **26.03.2018-ൽ മറുപടിയ്ക്ക്**

## കേരള റോഡ് ഫണ്ട് ബോർഡിന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.പി.വി. അൻവർ**<br>**,, . രാജു എബ്രഹാം**<br>**,, .ആർ. രാജേഷ്**<br>**,, . കെ.ഡി. പ്രസേനൻ** | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| (എ) സംസ്ഥാനത്ത് റോഡ് നിർമ്മാണ മേഖലയിൽ കേരള റോഡ് ഫണ്ട് ബോർഡിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;<br><br>(ബി) കെ.ആർ.എഫ്.ബി. നിലവിൽ ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെയാണെന്നും അവയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ; | (എ) & (ബി) കേരള റോഡ് ഫണ്ട് ബോർഡ് പൊതുസ്വകാര്യ പങ്കാളിത്തത്തോടെ ആന്വറ്റി മാതൃകയിൽ നഗര റോഡു വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനാണ് ഇപ്പോൾ മുൻഗണന നൽകിയിട്ടുള്ളത്. ഇതിൻ പ്രകാരം തിരുവനന്തപുരം, കോഴിക്കോട് നഗര റോഡു വികസന പദ്ധതികളുടെ നിർമ്മാണം പൂർത്തീകരിക്കുകയും, അവ 15 വർഷത്തെ പരിപാലന ഘട്ടത്തിലുമാണ്. ആലപ്പുഴ നഗര റോഡു വികസന പദ്ധതി നടപ്പിലാക്കുന്നതിനുള്ള കൺസഷൻ എഗ്രിമെന്റ് ഒപ്പ് വയ്ക്കുന്നതിനുള്ള അംഗീകാരം നൽകുന്ന ഘട്ടത്തിലുമാണ്. കൂടാതെ കണ്ണൂർ നഗര റോഡു വികസന പദ്ധതിയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ചുള്ള പ്രാഥമിക നടപടികൾ സ്വീകരിച്ചുവരുന്നു. ഇത്തരത്തിൽ നഗര റോഡു വികസന പദ്ധതികൾ മറ്റ് ജില്ലകളിൽ കൂടി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ കെ.ആർഎഫ്.ബി. ആവിഷ്കരിച്ച് വരികയാണ്. കൂടാതെ കേരള റോഡ് ഫണ്ട് ബോർഡിന്റെ ധനസഹായത്തോടുകൂടി |

പൊതുമരാമത്ത് വകുപ്പിലെ വിവിധ ഏജൻസികൾ സ്പീഡ് കേരള പരിപാടിയിൽ ഉൾപ്പെടുത്തി കോഴിക്കോട് എൻ.എച്ച് ബൈപ്പാസിന്റെ അവസാന ഭാഗം (152.75 കോടി രൂപ നിർമ്മാണ ചെലവ്), പാലാരിവട്ടം ഫ്ളൈ ഓവർ (41.28 കോടി രൂപ നിർമ്മാണ ചെലവ്), കഞ്ഞിക്കുഴി - വെട്ടത്തുകവല — കറുകച്ചാൽ റോഡ് (62.16 കോടി രൂപ നിർമ്മാണ ചെലവ്), രാമപുരം- നാലമ്പലം ദർശനം റോഡ് (50.75 കോടി രൂപ നിർമ്മാണ ചെലവ്) എന്നിവ പൂർത്തീകരിക്കുകയുണ്ടായി. കെ.ആർ.എഫ്.ബിയുടെ ധനസഹായത്തോടെ പൊതുമരാമത്ത് വകുപ്പ് ഡിസ്ട്രിക്ട് ഫ്ളാഗ്ഷിപ് പദ്ധതിയിൽ ഉൾപ്പെടുത്തി വികസിപ്പിച്ചു വരുന്ന ചുവടെ ചേർത്തിട്ടുള്ള പദ്ധതികൾ പുരോഗമിച്ചു വരുന്നു.

1 രാമനാട്ടുകര ഫ്ളൈ ഓവർ - 74.96 കോടി അടങ്കൽ തുക.

2 തൊണ്ടയാട് ഫ്ളൈ ഓവർ -51.42 കോടി അടങ്കൽ തുക.

3 കണ്ണൂർ ഹിൽ ഹൈവേ - 191.54 കോടി അടങ്കൽ തുക.

4 നാട്ടുകാണി - പരപ്പനങ്ങാടി റോഡ് - 359.00 കോടി അടങ്കൽ തുക.

5 വലിയഴീക്കൽ പാലം - 132.09 കോടി അടങ്കൽ തുക.

(സി) സംസ്ഥാനത്ത് രൂക്ഷമായിക്കൊണ്ടിരിക്കുന്ന ഗതാഗതക്കുരുക്കിന് പരിഹാരമാകുന്ന വിധത്തിൽ തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ ഫ്ലൈഓവറുകൾ, പാലങ്ങൾ, റോഡുകൾ

(സി) സംസ്ഥാനത്ത് രൂക്ഷമായികൊണ്ടിരിക്കുന്ന ഗതാഗത കുരുക്കിന് പരിഹാരം കാണുന്നതിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ ഫ്ളൈ ഓവറുകൾ, പാലങ്ങൾ, റിംഗ് റോഡുകൾ

എന്നിവ നിർമ്മിക്കുന്നതിനായി സ്പീഡ് കേരള പദ്ധതിയ്ക്ക് അനുമതി നൽകിയിട്ടുണ്ടോ;

മുതലായവ നിർമ്മിക്കുന്നതിന് മുൻ ഗവൺമെന്റിന്റെ കാലത്ത് 14.06.2015 - ലെ G.O (MS) No. 51/2013/PWD പ്രകാരം 23 പദ്ധതികൾ സ്പീഡ് കേരള എന്ന പരിപാടിയിൽ ഉൾപ്പെടുത്തി തത്വത്തിൽ അംഗീകാരം നൽകുകയുണ്ടായി. തുടർന്ന് പദ്ധതിയിൽ ഉൾപ്പെടുന്ന 10 പ്രവൃത്തികൾക്ക് 22.02.2014 ലെ സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകുകയും 19.11.2015 ൽ അന്നത്തെ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലെ തീരുമാനപ്രകാരം കോഴിക്കോട് എൻ.എച്ച് ബൈപ്പാസിന്റെ അവസാന ഭാഗം, പാലാരിവട്ടം ഫ്ളൈ ഓവർ, കഞ്ഞിക്കുഴി - വെട്ടത്തുകവല — കറുകച്ചാൽ റോഡ്, രാമപുരം - നാലമ്പലം ദർശനം റോഡ് എന്നീ നാല്പ പ്രവൃത്തികൾ മാത്രം തത്ക്കാലം ഏറ്റെടുത്ത് നടത്തിയാൽ മതിയെന്ന് തീരുമാനിക്കുകയുണ്ടായി. തുടർന്ന് ആ 4 പദ്ധതികൾ പൂർത്തീകരിക്കുകയുമുണ്ടായി.

**(ഡി)** കെ.ആർ.എഫ്.ബി.യുടെ മുഖ്യ വരുമാന സ്രോതസ്സ് ഏതാണെന്നും നിലവിൽ പ്രസ്തുത ബോർഡിന് അനുവദിച്ചിട്ടുള്ള ബജറ്റ് വിഹിതം എത്രയാണെന്നും അറിയിക്കാമോ?

**(ഡി)** കേരള റോഡ് ഫണ്ട് ആക്ട് പ്രകാരം മോട്ടോർ വാഹന നികുതിയിനത്തിൽ ലഭ്യമാകുന്ന തുകയുടെ 10% വിഹിതമാണ് കെ.ആർ.എഫ്.ബിയുടെ മുഖ്യ വരുമാന സ്രോതസ്സ്. നിലവിൽ 2018-19 സാമ്പത്തിക വർഷം 3054-80-800-92 ഹെഡ് ഓഫ് അക്കൗണ്ട് പ്രകാരം 254.75 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ